**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- വർക്കല നഗരസഭയിലെ സീനിയർ ക്ളർക്കായ ശ്രീ.കുമാർബാബു - പലിശരഹിത മെഡിക്കൽ അഡ്വാൻസ് അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 325/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 15.02.2019

പരാമർശം : നഗരകാര്യ ഡയറക്ടറുടെ 10.01.2019 തീയതിയിലെ ഡിസി1-28728/18 നമ്പർ കത്ത്.

**ഉത്തരവ്**

വർക്കല നഗരസഭയിലെ സീനിയർ ക്ളർക്ക് ശ്രീ. കുമാർ ബാബുവിന്റെയും ഭാര്യയുടേയും വന്ധ്യതാചികിത്സയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ഐ.വി.എഫ് ചികിത്സ ചെയ്യുന്നതിലേക്കായി 1,50,000/-രൂപ (ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം)പലിശ രഹിതമെഡിക്കൽ അഡ്വാൻസ് അനുവദിക്കുന്ന തിനായി അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അപേക്ഷയിന്മേൽ നടപടി സ്വീകരിയ്ക്കുന്നതിലേയ്ക്കായി മെഡിക്കൽ സർട്ടിഫിക്കറ്റ്, കൗൺസിൽ തീരുമാനം എന്നിവ സഹിതം നഗരകാര്യഡയറക്ടർ പരാമർശത്തിലെ കത്ത് പ്രകാരം ശുപാർശ ചെയ്തിരുന്നു .

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വർക്കല നഗരസഭയിലെ സീനിയർ ക്ളർക്ക് ശ്രീ.കുമാർ ബാബുവിന്റെയും ഭാര്യയുടേയും വന്ധ്യതാചികിത്സയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ഐ.വി.എഫ് ചികിത്സ ചെയ്യുന്നതിലേക്കായി 1,50,000/-രൂപ (ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) പലിശരഹിതവായ്പയായി നഗരസഭാഫണ്ടിൽ നിന്നും അനുവദിച്ച് നൽകുന്നതിന് നഗരകാര്യഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. ഇപ്രകാരം മുൻകൂറായി അനുവദിക്കുന്ന തുക സമയ പരിധിക്കുള്ളിൽ തന്നെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ അഡ്ജസ്റ്റ് ചെയ്യണമെന്നും, ചെലവഴിക്കാത്ത തുകയുണ്ടെങ്കിൽ തിരിച്ചടയ്ക്കണമെന്നും വ്യവസ്ഥ ചെയ്യേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീ.കുമാർ ബാബു, സീനിയർ ക്ലർക്ക്, വർക്കല നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ